പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.2502

11.10.2011ൽ
മറുപടിക്ക്

# ജോയിന്റ് സർവ്വേ നടപടികൾ

ചോദ്യം
ശ്രീ.രാജു എബ്രഹാം :

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) പത്തനംതിട്ട ജില്ലയിൽ 1.1.1977-നു മുൻപ് കൈവശം വയ്ക്കുകയും ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുള്ളതുമായ എത്ര ഏക്കർ ഭൂമിക്ക് എത്ര പേർക്കാണ് ഇനിയും പട്ടയം നല്കാൻ അവശേഷിക്കുന്നത് ; | (എ) 1994 ഹെക്ടർ സ്ഥലത്തിന് 5154 പേർക്ക് പട്ടയം നല്കാനുണ്ട്.. |
| (ബി) പട്ടയം നൽകുന്നതിന് ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത് ; | (ബി) കൈവശങ്ങളുടെ സർവ്വെ, സർവ്വെ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ നടന്നു വരുന്നു. സർവ്വേയും സ്കെച്ച് തയ്യാറാക്കലും പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി കൂടി ലഭ്യമാക്കിയാൽ മാത്രമേ പട്ടയം നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളു. |
| (സി) ജോയിന്റ് സർവ്വേ നടപടികൾ പൂർത്തിയാക്കാനുള്ളത് എത്ര ഏക്കർ ഭൂമിക്കാണ്; | (സി) 1250 ഹെക്ടർ വനഭൂമിക്ക് |
| (ഡി) ഇത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രത്യേകം സർവ്വേയർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; | (ഡി) പ്രത്യേകം സർവ്വേയർമാരെ നിയമിച്ചിട്ടുണ്ട്. |
| (ഇ) പത്തനംതിട്ട ജില്ലയിൽ ഇനിയും പട്ടയം ലഭിക്കാനുള്ള 1.1.1977നുമുൻപുള്ള കൈവശ ഭൂമിക്കാരുടെ എണ്ണം വില്ലേജ്/പ്രദേശം തിരിച്ച് വ്യക്തമാക്കാമോ ; | (ഇ) (see table below) |
| (എഫ്) ഇവർക്ക് വനഭൂമി നൽകുന്നതിനു പകരം റവന്യൂ ഭൂമി വനംവകുപ്പിനു കൈമാറിയിട്ടും പട്ടയം നൽകാൻ താമസം നേരിടുന്നതിനുള്ള കാരണമെന്ത് ; | (എഫ്) പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നിയമാനുസൃതം പൂർത്തിയാക്കി കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്കുമാത്രമേ പട്ടയം നൽകുവാൻ സാധിക്കുകയുള്ളു. |
| (ജി) ഇതിനു പരിഹാരമായി പത്തനംതിട്ട ജില്ലയിലെ പട്ടയം നൽകുന്നതിനു മാത്രമായി ഒരു പ്രത്യേക സർവ്വേ വിംഗിനെ നിയമിച്ച് നടപടികൾ ഊർജ്ജിതപ്പെടുത്തുമോ ? | (ജി) ഒരു പ്രത്യേക സർവ്വേ വിംഗിനെ നിയമിക്കുന്ന കാര്യം പരിഗണനയിലാണ്. |

(ഇ)

| വില്ലേജ് | എണ്ണം |
|---|---|
| ചിറ്റാർ സീതത്തോട് | 4530 |
| കൊല്ലമുള | 335 |
| അത്തിക്കയം | 110 |
| പെരുനാട് | 148 |
| വടശ്ശേരിക്കര | 31 |
| | 5154 |

Hajeem
സെക്ഷൻ ഓഫീസർ